## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം)-ടെ നടപടിക്രമം

വിഷയം;- ആ.വ.ഡ. - ശബരിമല - 2018-19 മണ്ഡല-മകരവിളക്ക് തീർത്ഥാടനം ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന ജീവനക്കാരിൽ ചില മാറ്റങ്ങൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഉത്തരവ് നം. പി.എച്ച്.5-74714/18/ആ. വ.ഡ. തീയതി: 31/10/2018.
2. ഉത്തരവ് നം. പി.എച്ച്.5-74714/18/ആ. വ.ഡ. തീയതി: 12/11/2018.
3. ഉത്തരവ് നം. ഇ6-15401/2018 മെഡിക്കൽ കോളേജ്, കോഴിക്കോട് , തീയതി: 22/11/2018.

### ഉത്തരവ് നം. പി.എച്ച്.5-74714/2018/ആ.വ.ഡ. തീയതി: 27/11/2018.

2018-19 കാലയളവിലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് വിവിധ തസ്തികകളിൽ ഡ്യൂട്ടിക്ക് നിയോഗിച്ച് പരാമർശം (1), (2), (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവുകളിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1), (2), (3) പ്രകാരമുള്ള ഉത്തരവിൽ പമ്പ ഗവൺമെന്റ് ഡിസ്പെൻസറിയിൽ 29/11/2018 മുതൽ 13/12/2018 വരെ (രണ്ടാമത് ബാച്ച്) ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന ശ്രീ. പ്രദീപ് വി.കെ., റേഡിയോഗ്രാഫർ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്-നെ അതേ ബാച്ചിൽ ഗവൺമെന്റ് ഡിസ്പെൻസറി സന്നിധാനത്തേക്കും രണ്ടാമത് ബാച്ചിൽ (29/11/2018 മുതൽ 13/12/2018 വരെ) ഗവൺമെന്റ് ഡിസ്പെൻസറി സന്നിധാനത്ത് നിയോഗിച്ചിരുന്ന റേഡിയോഗ്രാഫർ ശ്രീ. ഷാജി. കെ., ജില്ലാ ആശുപത്രി, നിലമ്പൂർ-നെ ശ്രീ. പ്രദീപ് വി.കെ.-ക്ക് പകരം പമ്പ ഗവൺമെന്റ് ഡിസ്പെൻസറിയിലേക്ക് മാറ്റി നിയോഗിക്കുന്നു.

പരാമർശം (1), (2) ഉത്തരവ് പ്രകാരം 13/12/2018 മുതൽ 27/12/2018 വരെ മൂന്നാമത് ബാച്ചിൽ പമ്പ ഗവൺമെന്റ് ഡിസ്പെൻസറിയിൽ ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന റേഡിയോഗ്രാഫർ ശ്രീ. ഗോകുൽദാസ്, ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി-യെ 10/01/2019 മുതൽ 21/01/2019 വരെയുള്ള അഞ്ചാമത് ബാച്ചിലേക്കും അഞ്ചാമത് ബാച്ചിലെ (10/01/2019 മുതൽ 21/01/2019 വരെ) ശ്രീ. പ്രബീഷ് ഇ., താലൂക്ക് ആശുപത്രി, ബാലുശ്ശേരി-യെ ശ്രീ. ഗോകുൽദാസിനു പകരം മൂന്നാമത് ബാച്ചിലേക്ക് (13/12/2018 മുതൽ 27/12/2018 വരെ) മാറ്റി നിയോഗിച്ചും പുനക്രമീകരിക്കുന്നു.

പരാമർശം (1), (2) പ്രകാരം സന്നിധാനം ഗവൺമെന്റ് ഡിസ്പെൻസറിയിൽ നാലാമത് ബാച്ചിൽ (27/12/2018 മുതൽ 10/01/2019 വരെ) നിയോഗിച്ചിരുന്ന ലാബ് ടെക്നീഷ്യൻ ശ്രീ. മനോജ് പി., ആർ.എച്ച്.റ്റി.സി., ചെട്ടിക്കാട്, ആലപ്പുഴ എന്നയാളെ ഒഴിവാക്കി പകരം ഇതേ ബാച്ചിലേക്ക് മലപ്പുറം തിരൂരങ്ങാടി താലൂക്ക് ആശുപത്രിയില ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1 ശ്രീ. വിജയചന്ദ്രനെ പകരം നിയോഗിച്ച് ഉത്തരവാകുന്നു.

പരാമർശം (1), (2) ഉത്തരവ് പ്രകാരം അഞ്ചാമത് ബാച്ചിൽ (10/01/2019 മുതൽ 21/01/2019 വരെ) പമ്പ ഗവൺമെന്റ് ഡിസ്പെൻസറിയിൽ നിയോഗിച്ചിരുന്ന ഫാർമസിസ്റ്റ് ശ്രീ. മോഹൻകുമാർ. കെ.എസ്., കുടുംബാരോഗ്യ കേന്ദ്രം, കിളിമാനൂർ എന്നയാളെ ഒഴിവാക്കി കണ്ണൂർ മൊകേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ശ്രീ. സജീവ്കുമാർ. എം.പി. എന്നയാളെ പകരം നിയോഗിച്ച് ഉത്തരവാകുന്നു.

പരാമർശം (1), (2) പ്രകാരം രണ്ടാമത് ബാച്ചിൽ (29/11/2018 മുതൽ 13/12/2018 വരെ) ഗവൺമെന്റ് ഡിസ്‌പെൻസറി, പമ്പയിൽ ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന ശ്രീ. കെ.ജി. ശ്രീകുമാർ, ഫാർമസിസ്റ്റ്, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ചെറിയനാട്, ആലപ്പുഴ എന്നയാളെ ഒഴിവാക്കി പകരം ആലപ്പുഴ പാണ്ടനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഫാർമസിസ്റ്റ് ശ്രീ. അഭയൻ എന്നയാളെ പമ്പ ഗവൺമെന്റ് ഡിസ്‌പെൻസറിയിൽ നിയോഗിക്കുന്നു.

പരാമർശം (1), (2) പ്രകാരം സന്നിധാനം സഹാസിൽ നിയോഗിച്ചിരുന്ന രണ്ടാമത് ബാച്ചിലെ (29/11/2018 മുതൽ 13/12/2018 വരെ) സ്റ്റാഫ് നേഴ്‌സ് ശ്രീ. ആനന്ദ്. ബി., എസ്.എ.റ്റി. ആശുപത്രി, തിരുവനന്തപുരം എന്നയാളെ ഒഴിവാക്കി പകരം ഇതേ ബാച്ചിലേക്ക് പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് നേഴ്‌സ് ശ്രീ. അരുൺ. എസ്.-നെ നിയോഗിക്കുന്നു.

പരാമർശം (1), (2) (3) ഉത്തരവുകളിൽ ഇപ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബന്ധപ്പെട്ട ആഫീസ് മേലധികാരികൾ മേൽ നിയോഗിച്ചിട്ടുള്ള ജീവനക്കാരെ യഥാസമയം വിടുതൽ ചെയ്യേണ്ടതാണ്.

(ഒപ്പ്)
**ഡോ. മീനാക്ഷി. വി.,**
**അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം).**

സ്വീകർത്താവ്:-

ബന്ധപ്പെട്ട ജീവനക്കാർ.

പകർപ്പ്:-

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)മാർക്കും.
2. അഡീഷണൽ ഡയറക്ടർ (പി.എച്ച്.)
3. നോഡൽ ഓഫീസർ, ശബരിമല.
4. ഫയൽ/കരുതൽ ഫയൽ
5. വെബ്സൈറ്റ്.

//ഉത്തരവിൻ പ്രകാരം//

**സൂപ്രണ്ട്**

വിഎസ്കെ 27/11/18

**GOVERNMENT OF KERALA 2017-18**